**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1397** — **03-02-2026 - ൽ മറുപടിയ്ക്ക്**

**അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന ഹോംസ്റ്റേകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഹോംസ്റ്റേകൾ വിനോദസഞ്ചാര മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിനോദസഞ്ചാരികൾ വഞ്ചിക്കപ്പെടാതിരിക്കാൻ ടൂറിസം വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കുടുംബത്തോടൊപ്പം അതിഥികളെ സ്വന്തം വീട്ടിൽ പാർപ്പിക്കുക വഴി നമ്മുടെ സംസ്കാരവും ജീവിത രീതിയും പാരമ്പര്യവും വിനോദ സഞ്ചാരികൾക്ക് പരിചയപ്പെടുത്തി കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹോംസ്റ്റേ എന്ന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് . ഹോംസ്റ്റേകളുടെ നിലവാരവും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിനായി ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ സ്കീം ടൂറിസം ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കിയിട്ടുണ്ട് . ഈ ക്ലാസ്സിഫിക്കേഷനിലൂടെ നൽകേണ്ട സേവനങ്ങളുടെ നിലവാരം ഉറപ്പുവരുത്തുന്നു. ഇത്തരത്തിൽ ക്ലാസ്സിഫൈ ചെയ്ത ഹോംസ്റ്റേകളുടെ വിവരങ്ങൾ ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ഒഫീഷ്യൽ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . ഇത് സഞ്ചാരികൾക്ക് പരിശോധിക്കാവുന്നതും ക്ലാസ്സിഫൈ ചെയ്ത ഹോംസ്റ്റേകൾ താമസത്തിനായി തെരഞ്ഞെടുക്കാവുന്നതുമാണ് . |
| (ബി) | ഹോംസ്റ്റേകൾക്ക് അംഗീകാരം ലഭിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത്; വിശദാംശം നൽകാമോ; | (ബി) | 16.01.2020 തീയതിയായുള്ള സ.ഉ (കൈ) നം.03/2020/ടൂറിസം ഉത്തരവിൻ പ്രകാരം ഹോംസ്റ്റേ വർഗ്ഗീകരണത്തിനുള്ള പുതുക്കിയ സ്കീമിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട് . 03.06.2022 തീയതിയായുള്ള സ.ഉ (കൈ) നം.177/2022/ടൂറിസം ഉത്തരവിൻ പ്രകാരം ഹോംസ്റ്റേ അംഗീകാരത്തിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള NOC ഒഴിവാക്കി യിട്ടുണ്ട്. സൗകര്യങ്ങളും ഗുണനിലവാരവും അടിസ്ഥാനമാക്കി ഹോംസ്റ്റേ യൂണിറ്റുകൾക്ക് 3 വിഭാഗമായി ക്ലാസ്സിഫിക്കേഷൻ നൽകുന്നു.<br><br>1. ഡയമണ്ട് ഹോംസ്റ്റേ<br><br>2. ഗോൾഡ് ഹോംസ്റ്റേ<br><br>3. സിൽവർ ഹോംസ്റ്റേ |

ഹോംസ്റ്റേ യൂണിറ്റുകൾക്കായുള്ള അപേക്ഷ വിനോദസഞ്ചാരവകുപ്പിന്റെ ജില്ലാ ഓഫീസുകളിലാണ് ഓൺലൈൻ പോർട്ടൽ മുഖേന ലഭിക്കുന്നത് . ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ ക്ലാസ്സിഫിക്കേഷൻ കമ്മിറ്റി നേരിട്ട് പരിശോധന നടത്തി യോഗ്യത നേടിയ യൂണിറ്റുകൾ ശുപാർശ ചെയ്തു വിനോദ സഞ്ചാരവകുപ്പിന്റെ ഡയറക്ടറേറ്റിലേക്ക് ഓൺലൈൻ മുഖേന അയക്കുന്നു. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഓരോ യൂണിറ്റിന്റേയും facilities പരിശോധിച്ചാണ് യൂണിറ്റുകൾക്ക് ക്ലാസ്സിഫിക്കേഷൻ കാറ്റഗറി നൽകുന്നത് . ഇത്തരത്തിൽ ശുപാർശ ചെയ്തു ലഭിക്കുന്ന റിപ്പോർട്ടുകൾ പരിശോധിച്ച് ഹോംസ്റ്റേകൾക്കു ക്ലാസ്സിഫിക്കേഷൻ നൽകുകയും സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്യുന്നു . പ്രസ്തുത ക്ലാസ്സിഫിക്കേഷൻ ലഭിക്കുന്ന യൂണിറ്റുകൾക്ക് 3 വർഷമാണ് കാലാവധി . കാലാവധി പൂർത്തീകരിക്കുന്ന മുറക്ക് ഓരോ യൂണിറ്റുകളും താൽപ്പര്യാർത്ഥം റീക്ലാസ്സിഫിക്കേഷനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

മാർഗനിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

- **Guidelines for Classification and Reclassification of Homestay units**
- Homestay classification will be issued only in the name of owner of the house
- Classification will be done only for operational accommodation units.
- Leased or rented houses will not be considered for homestay classification.
- Maximum rooms that can be given for tourist accommodation will be 6
- Classification will be given to only those units where the owner along with his/her family is physically residing.
- Application for classification has to be submitted online.
- A payment of Rs. 3750/- as Application Fee per homestay has to be done online while submitting the application.
- Inspection Committee will examine the facilities based on checklist. As per recommendation of the committee, classification will be awarded
- The Classification/Reclassification Certificate of units will be issued by the Director, Department of Tourism.

- The Classification/Reclassification will be valid for a period of three years.
- The application for change to higher category will be considered only at the time of re-classification.
- The existing classification will be valid until reclassification, provided application for reclassification is submitted with the required fees three months before the expiry of the existing classification.
- The facilities provided and services offered will be evaluated against the checklist.
- The classification units will have to maintain required standards at all times.
- Director, Department of Tourism or an officer deputed by the Director, Department of Tourism or the concerned Joint Director/Deputy Director has the right to inspect homestays at any time without prior notice.
- Serious deficiency, if any, will be reported to Department of Tourism and the Department is free to take action including the cancellation of classification.
- Any change in the facility/service of the unit shall be reported to the Deputy Director, District Office, Department of Tourism within 30 days.
- In case of dissatisfaction of the remarks of the Classification/Reclassification Committee, the unit may appeal to Director, Department of Tourism, Government of Kerala within 30 days of receiving the communication regarding classification/re-classification.
- Department of Tourism, Government of Kerala reserves the right to modify the guidelines/ terms and conditions from time to time.
- It is mandatory for the homestays to display Classification Certificate properly visible to the guests
- Application for reclassification should be submitted three months before the expiry date along with the prescribed fees. Otherwise it will be considered as fresh application.

- Food has to be prepared and provide to the guests on demand.
- C Form submission should be done in proper manner and in record.
- **Documents for Applying**
- Acceptance of regulatory condition in 200/- stamp paper
- Residence Certificate from Panchayath/Municipality/Corporation
- Ownership Certificate of building from Panchayath/Municipality/Corporation
- Up to date tax receipt of land
- Police clearance certificate from the Local Station House Officer
- Registration from the Office of Food Safety Commissioner ; no license needed
- Existing plan and elevation of the building.
- Photographs of the building (exterior and interior - 2 numbers each)

The committee for the classification of Homestays is constituted with the following members:

| | | |
|---|---|---|
| 1 | Chairman and Convenor | Deputy Director, District Office, Department of Tourism |
| 2 | Member | Secretary, District Tourism Promotion Council (DTPC) |
| 3 | Member | Representative of Food Craft Institute (FCI) |
| 4 | Member | Manager of Government Guest House |
| 5 | Member | Representative of Indian Association of Tour Operators (IATO) |
| 6 | Member | Representative of the Local Body in which the unit is located |
| [ Minimum four of the above make the quorum to constitute the committee] | | |

ക്ലാസ്സിഫിക്കേഷൻ / റീക്ലാസ്സിഫിക്കേഷൻ അഭിപ്രായങ്ങളിൽ അതൃപ്തിയുണ്ടായാൽ വർഗ്ഗീകരണവുമായി ബന്ധപ്പെട്ട് ആശയവിനിമയം ലഭിച്ച 30 ദിവസത്തിനകം

| | | | |
|---|---|---|---|
| | | | സർക്കാർ തലത്തിലുള്ള അപ്പീൽ കമ്മിറ്റിക്ക് അപ്പീൽ നൽകാവുന്നതാണ് . |
| (സി) | ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിൽ ഹോംസ്റ്റേയിലെ സൗകര്യങ്ങളെക്കുറിച്ച് തെറ്റായ വിവരങ്ങൾ നൽകി വിനോദസഞ്ചാരികളെ വഞ്ചിക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ടൂറിസം വകുപ്പിന്റെ ക്ലാസിഫൈഡ് ഹോംസ്റ്റേകളുടെ വിവരങ്ങൾ ഒഫീഷ്യൽ വെബ്സൈറ്റ് വഴി പ്രദർശിപ്പിക്കുന്നതിനാൽ സഞ്ചാരികൾക്ക് പ്രയോജന പ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ